(ഇ) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)നഗരപ്രദേശങ്ങളിലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജനകീയ പങ്കാളിത്തത്തോടെയും, നഗരസഭകളുടെയും, ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും സഹകരണത്തോടെ സംസ്ഥാന ആവിഷ്കൃത പദ്ധതിയായ 'കുടുംബശ്രീ' നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സാമൂഹിക പങ്കാളിത്തത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ചേരി വികസന പരിപാടി, സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർയോജന എന്നിവയും മുഴുവൻ നഗരസഭാ പ്രദേശങ്ങളിലും നടപ്പിലാക്കിവരുന്നു.

(സി) സാമ്പത്തികേതര മാനദണ്ഡങ്ങളുപയോഗിച്ച് കണ്ടെത്തുന്ന പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ടാണ് നഗര ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഗുണഭോക്താക്കളായ സ്ത്രീകളെ അയൽക്കൂട്ടങ്ങളായും, വാർഡ്തലത്തിൽ ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളായും നഗരസഭാ തലത്തിൽ സാമൂഹ്യ വികസന സംഘങ്ങളായും (സി.ഡി.എസ്.) സംഘടിപ്പിച്ചിരിക്കുന്നു.

(ഡി)&(ഇ) അയൽക്കൂട്ടതലം മുതൽ ആവശ്യാധിഷ്ഠിതമായ ജനകീയ പങ്കാളിത്തത്തോടെ പദ്ധതി ആസൂത്രണം ചെയ്യുന്നതിനും, അത് നഗരസഭയുടെ പദ്ധതിയുമായി സംയോജിപ്പിച്ച് നഗരസഭാ പദ്ധതിയായി ആസൂത്രണം ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതും അവ അവലോകനം ചെയ്യുന്നതും ഈ ജനകീയ കൂട്ടായ്മയിലൂടെ ആയിരിക്കണം എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

അയൽക്കൂട്ടത്തിൽ പാവപ്പെട്ടവരുടെ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ അവർതന്നെ തയ്യാറാക്കുന്നു. ഇത്തരത്തിൽ വിവിധ അയൽക്കൂട്ടങ്ങൾ തയ്യാറാക്കുന്ന 'മൈക്രോ പ്ലാനുകൾ, വാർഡുതലത്തിലുള്ള ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി തലത്തിൽ സംയോജിപ്പിച്ച് മിനി പ്ലാനുകൾ' തയ്യാറാക്കുന്നു. വിവിധ ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികൾ തയ്യാറാക്കുന്ന ഇത്തരത്തിലുള്ള 'മിനി പ്ലാനുകൾ, നഗരസഭാ തലത്തിൽ സംയോജിപ്പിച്ച് മുൻഗണനാ ക്രമത്തിൽ സി.ഡി.എസ് പ്ലാനായി തയ്യാറാക്കുന്നു. വാർഡുതലത്തിലും, നഗരസഭാതലത്തിലും യഥാക്രമം വാർഡുകൗൺസിലർമാരും നഗരസഭാ ചെയർപേഴ്സണും അദ്ധ്യക്ഷനായിട്ടുള്ള ഉപദേശക സമിതികളുടെ അറിവോടുകൂടി തയ്യാറാക്കിവരുന്ന പ്രസ്തുത പദ്ധതി ബന്ധപ്പെട്ട 'കർമ്മസമിതികൾ'ക്ക് കൈമാറുകയും, ജനകീയാസൂത്രണ പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് നഗരസഭാ പദ്ധതി തയ്യാറാക്കുകയും ചെയ്യുന്നു. ഈ പദ്ധതി അതാതു നഗരസഭാതല വിദഗ്ദ്ധ സമിതികൾ(എം.എൽ.ഇ.സി.സി.എൽ.ഇ.സി.) പരിശോധിച്ച് ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി. അംഗീകാരം ലഭിക്കുകയും ബന്ധപ്പെട്ട ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കുകയും അവലോകനം ചെയ്യുകയും ചെയ്യുന്നു.

ജനകീയാസൂത്രണ പരിപാടികളിൽ നടക്കുന്ന ക്രമക്കേടുകൾ

65 (1426)ശ്രീ. ടി.എം. ജേക്കബ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള റോഡുപണികളിൽ വ്യാജ ടാർ ബില്ലുകൾ ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) റോഡുപണികൾക്കാവശ്യമായ ടാർ നൽകുന്നതിനുള്ള അംഗീകൃത സ്ഥാപനം ഐ.ഒ.സി. ആണോ;

(ഡി) പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇടനിലക്കാർ വഴി ടാർ വാങ്ങുമ്പോൾ കൂടിയ വില രേഖപ്പെടുത്തിയ വ്യാജ ബില്ലുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സതേൺ ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനം നിലവിലില്ലെങ്കിലും അവരാണ് പാലക്കാട് ജില്ലയിൽ ലക്കിടി, പേരൂർ പഞ്ചായത്തുൾപ്പെടെയുള്ള നിരവധി പഞ്ചായത്തുകൾക്ക് 1997-98 സാമ്പത്തിക വർഷത്തിൽ ബില്ല് നൽകിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം ഈ ക്രമക്കേട് ചൂണ്ടിക്കാട്ടിയിട്ടും സർക്കാർ ഇതുവരെ നടപടിയൊന്നും സ്വീകരിക്കാത്തതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ നഗരങ്ങളുടെ വികസനം

66 (1427) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളുടെ വികസനത്തിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനായി എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ നഗരങ്ങളുടെ വികസനത്തിനായി ഫണ്ട് സ്വരൂപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഇക്കാര്യത്തിൽ വിവിധ വികസന അതോറിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly